# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26



## ഗവ:എൽ.പി.എസ്

# കുറുനവയം

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികളെയും വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽകണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2025-26 അധ്യയന വർഷത്തിൽ ഒന്നാംതരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിലെത്തിക്കുവാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും വൈകാരികവും മാനസികവുമായ നേട്ടങ്ങൾ കണക്കിലെടുത്ത്, അവയെ പരിപോഷിപ്പിക്കുവാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് ലക്ഷ്യമിടുന്നു. പഠന പ്രവർത്തനങ്ങൾ ശിശുസൗഹൃദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി പ്രാധാന്യം നൽകുന്നു.

# വിദ്യാഭ്യാസ ലക്ഷ്യങ്ങൾ

- അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിടുന്ന വിദ്യാഭ്യാസ ലക്ഷ്യങ്ങൾ
- സാമൂഹിക നീതിക്ക് വേണ്ടിയുള്ള വിദ്യാഭ്യാസം
- സമഗ്രവും സുസ്ഥിര വികസനോന്മുഖവുമായ വിദ്യാഭ്യാസം
- ജ്ഞാനസമൂഹ സൃഷ്ടിക്കായുള്ള വിദ്യാഭ്യാസം
- സാമൂഹിക നീതിയിൽ അടിയുറച്ചതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വിദ്യാഭ്യാസം
- ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും ജനാധിപത്യദർശനം നിലനിർത്തുന്നതിനും സഹായിക്കുന്ന വിദ്യാഭ്യാസം
- ചരിത്രബോധവും സാംസ്കാരിക ബോധവും വളർത്തുന്ന വിദ്യാഭ്യാസം
- സമഗ്ര വ്യക്തിത്വ വികാസം ലക്ഷ്യം വയ്ക്കുന്ന വിദ്യാഭ്യാസം
- ദേശീയബോധവും ഉത്തരവാദിത്തമുള്ള പൗരബോധവും വളർത്തുന്ന വിദ്യാഭ്യാസം
- ശാസ്ത്രബോധം വളർത്തുന്നതിനുള്ള വിദ്യാഭ്യാസം
- പ്രതിസന്ധികളെ തരണം ചെയ്യുന്നതിനും അതിജീവന ശേഷി കൈവരിക്കുന്നതിനും സഹായിക്കുന്ന വിദ്യാഭ്യാസം
- വിമർശനാത്മക ചിന്ത വളർത്തുന്നതിനുള്ള വിദ്യാഭ്യാസം
- സാങ്കേതിക വിദ്യ അവബോധം സാധ്യമാക്കുന്ന വിദ്യാഭ്യാസം
- തൊഴിൽ നൈപുണിയും സ്വാശ്രയത്വവും വളർത്തുന്ന വിദ്യാഭ്യാസം

- പാരിസ്ഥിതികാവബോധം വളർത്തുന്നതിനുള്ള വിദ്യാഭ്യാസം
- ഇതര ലിംഗത്തിൽപ്പെട്ടവരോട് സൗഹാർദ്ദപരമായി പെരുമാറാനുള്ള വിദ്യാഭ്യാസം
- നവകേരളം രൂപപ്പെടുത്തുന്നതിനായുള്ള വിദ്യാഭ്യാസം
- ഓരോ ക്ലാസിലും ഓരോ ലേവലിലും കുട്ടി നേടേണ്ട ശേഷികൾ കൈവരിക്കാൻ വിധം അവരെ പ്രാപ്തരാക്കുക
- സ്കൂളിലെ മുഴുവൻ കുട്ടികളെയും പരിഗണിച്ചുകൊണ്ട് ശിശുസൗഹൃദമായ പഠനാന്തരീക്ഷം നൽകുക.
- വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക.
- ദിനാചരണങ്ങളുടെ പ്രാധാന്യം ഉൾക്കൊണ്ട് കൊണ്ട് ദിനാചരണ പ്രവർത്തനങ്ങൾ നടത്തുക.
- ക്ലാസ്റൂമുകൾ എല്ലാം ഹൈടെക് ആക്കി മാറ്റുക.
- പാഠഭാഗവുമായി ബന്ധപ്പെടുത്തി IT സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുക.
- ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ഓരോ കുട്ടിയെയും ബോധവാന്മാരാക്കുകയും അവ ഉപയോഗിക്കുന്നതിൽ നിന്നും കുട്ടികളെയും വീട്ടിലുള്ളവരെയും തടയുക.

# മികവുകൾ / നേട്ടങ്ങൾ

- 2024-25 അധ്യയനവർഷം ഗവ. എൽ. പി. എസ് കുറുമ്പയത്തിന് സുവർണ്ണകാലമായിരുന്നു.
- എൽ. എസ്. എസ് പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കുന്നതിന് കഴിഞ്ഞു.
- സബ് ജില്ലാ കായികോത്സവത്തിൽ ലോങ്ങ്ജമ്പിന് ഒന്നാം സ്ഥാനം നേടാൻ കഴിഞ്ഞു.
- പുതിയ കെട്ടിടം വന്നതോടുകൂടി ക്ലാസ് മുറികളെല്ലാം ഹൈടെക് ആയി.
- പുതിയ ഹൈടെക് കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചു.
- ആധുനിക സംവിധാനങ്ങളോട് കൂടിയ കിച്ചൺ കം സ്റ്റോറും ഉദ്ഘാടനം ചെയ്തു.
- കുട്ടികളുടെ പഠന പിന്നോക്ക അവസ്ഥ ഒരു പരിധി വരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.
- എല്ലാവർക്കും അവസരം നൽകികൊണ്ട് എല്ലാദിവസവും നടത്തുന്ന അസംബ്ലി കുട്ടികളിൽ സഭാകമ്പം കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.
- കായിക പ്രവർത്തനങ്ങൾക്ക് കൂടുതൽ അവസരം ലഭിക്കുന്ന വിധം ഞങ്ങൾ കുട്ടികൾക്ക് കായിക ഉപകരണങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞു.
- മികച്ച PTA, SMC, MPTA നിലവിലുണ്ട്.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ഗവ. എൽ. പി. എസ്
കുറുമ്പയം

വിലാസം : കുറുമ്പയം പി. ഒ. കള്ളിറ
PIN : 695608

ഫോൺ നമ്പർ : 9946607755

സ്കൂൾ കോഡ് : 42613

യുഡൈസ് കോഡ് : 32140800420

വിദ്യാഭ്യാസ ഉപജില്ല : പാലോട്

വിദ്യാഭ്യാസ ജില്ല : ആറ്റിങ്ങൽ

റവന്യൂ ജില്ല : തിരുവനന്തപുരം

ബി. ആർ. സി : പാലോട്

സി. ആർ. സി : നെടുമങ്ങാട്

ഗ്രാമപഞ്ചായത്ത് : കള്ളിറ

ഇമെയിൽ ഐഡി : lpskurumpayam@gmail.com

ഫെയ്സ്ബുക്ക് : kurumpayam govt Lps

സ്കൂൾ വിക്കി : Govt Lps kurumpayam

പരിമിതികൾ

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ട പരിശീലനം നൽകാൻ ട്രെയിനർ പര്യാപ്തമല്ല.
- കളിസ്ഥലത്തിന്റെ പരിമിതി. കൂടാതെ ചരിവുള്ള ഭൂമിയായതിനാൽ കളിസ്ഥലം ഒരുക്കുവാൻ സൗകര്യമില്ല.

## 2025/26 അധ്യയനവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്കൂൾതല പ്രവർത്തനങ്ങൾ

- കുറുമ്പയം വാണി
- ബുൾബുൾ, കബ്
- ഒരുദിനം ഒരറിവ്
- ദിനാചരണ ക്വിസ് മത്സരങ്ങൾ
- കഥാവേള
- വായനവസന്തം
- Spell tree
- രചനോത്സവം
- പ്രീപ്രൈമറി ഉത്സവങ്ങൾ
- കായിക പരിശീലനം
- ലൈബ്രറി ശാക്തീകരണം.
- വാർത്താബോർഡ്
- ബാലസഭ
- പഠനോത്സവം

| | | | | |
|---|---|---|---|---|
| | | • വായനക്കാർഡ് നിർമ്മിക്കൽ<br>• സർഗാത്മക, സംയുക്ത, സചിത്രഡയറി<br>• പതിപ്പുകൾ<br>• കൈയെഴുത്ത് മാഗസിൻ<br>• ദിനാചരണ ക്വിസ് | | |
| 2. | പരിസരപഠനം | • പ്രകൃതിനിരീക്ഷണം<br>• ഫീൽഡ് ട്രിപ്പ്<br>• ശാസ്ത്രമേള<br>• ബോധവൽകരണ ക്ലാസുകൾ<br>• ലഘുപരീക്ഷണങ്ങൾ<br>• അഭിമുഖങ്ങൾ<br>• ഡോക്കുമെന്ററി പ്രദർശനം | ജൂൺ - ഫെബ്രുവരി | അധ്യാപകർ<br>കുട്ടികൾ<br>PTA. |

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|---|
| 1 | ഭാഷ | • ചിത്രവായന<br>• സംഭാഷണം<br>• വരികൾ കൂട്ടിച്ചേർക്കൽ<br>• കടങ്കഥ, ശൈലികൾ, പഴഞ്ചൊല്ലുകൾ<br>• കുറുമ്പയം വാണി<br>• കഥാവേള<br>• വായന വസന്തം<br>• രചനോത്സവം<br>• ലൈബ്രറി ശാക്തീകരണം<br>• ബാലസഭ<br>• വാർത്താ ബോർഡ്<br>• അസംബ്ലി (മലയാളം, ഇംഗ്ലീഷ്, അറബിക്)<br>• അനുഭവങ്ങൾ പറയൽ<br>• പത്രവായന<br>• പത്രക്വിസ്<br>• അമ്മവായന | ജൂൺ - ഫെബ്രുവരി | • അധ്യാപകർ<br>• പി.ടി.എ |

| | | | | |
|---|---|---|---|---|
| | ഗണിതം | • കണക്ക് പെട്ടി<br>• ഗണിതമൂല (മഞ്ചാടി, മുത്തുകൾ, സംഖ്യാമാല etc)<br>• ഗണിതലാബ്<br>• ശില്പശാല (ഗണിത ഉപകരണ നിർമ്മാണം)<br>• അബാക്കസ് നിർമ്മാണം<br>• ജിയോബോർഡ് നിർമ്മാണം<br>• ടാൻഗ്രാം നിർമ്മാണം<br>• ഉല്ലാസഗണിതം, ഗണിതവിജയം<br>• അരവിന്ദ് ഗുപ്ത സ്ട്രിപ്പ് | ജൂൺ - ഫെബ്രുവരി | അധ്യാപകർ<br>കുട്ടികൾ<br>PTA |
| 4. | ഇംഗ്ലീഷ് | • ഇംഗ്ലീഷ് അസംബ്ലി<br>• Spell Tree<br>• E- cube പ്രവർത്തനങ്ങൾ<br>• ഇംഗ്ലീഷ് മാഗസിൻ<br>• കാവ്യമയം വാണി (ഇംഗ്ലീഷ്) | ജൂൺ - ഫെബ്രുവരി | അധ്യാപകർ<br>കുട്ടികൾ<br>PTA |

| | | | | |
|---|---|---|---|---|
| | | • റീഡിംഗ് കാർഡ്സ്<br>• Riddle നിർമാണം.<br>• Poster നിർമാണം. | | |
| 5 | കലാകായിക പ്രവൃത്തി പരിചയം. | • സർഗവേള<br>• ബാലൻസ്<br>• കായിക പരിശീലനം.<br>• ബുൾബുൾ, കബ്<br>• കരകൗശല വസ്തുക്കൾ നിർമാണം<br>• കലാകായിക പ്രവൃത്തിപരിചയമേള<br>• വിദ്യാരംഗം പ്രവർത്തനങ്ങൾ | | |